"ഭരണഭാഷ- മാതൃഭാഷ" 

മന്ത്രിസഭായോഗതീരുമാനം

# കേരള സർക്കാർ

**നം.ഉപ.സി.1/170/2018/ഉഭപവ**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര

(ഉപദേശ-സി)വകുപ്പ്

തിരുവനന്തപുരം, തീയതി: 26.05.2022

## അനൗദ്യോഗിക കുറിപ്പ്

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി ടി സ്ഥാപനത്തെ 1970- ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act ൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 25.05.2022 ലെ മന്ത്രിസഭായോഗത്തിന്റെ നടപടി കുറിപ്പ് (ഇനം നം: 746)

സൂചനയിലേയ്ക്ക് പൊതുഭരണ (എസ്.സി) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും, ആയത് പ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ടി സ്ഥാപനത്തെ 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act ൽ ഉൾപ്പെടുത്തുവാനായിട്ടുള്ള ബില്ലിനു മന്ത്രിസഭയുടെ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ബില്ല് പ്രസിദ്ധീകരിക്കുന്നതും ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതും നിയമ വകുപ്പാണ്. ആയതിനാൽ മന്ത്രിസഭാ യോഗതീരുമാനം ഉൾക്കൊള്ളുന്ന ഇതേ നമ്പർ ഫയൽ തുടർനടപടികൾക്കായി നിയമവകുപ്പിനു കൈമാറിയിട്ടുണ്ടെന്ന വിവരം പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതാണ്.

**സിജു ജേക്കബ്**

**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുഭരണ (എസ്.സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

213 ഉ.പ.സി1/170/18/ഉഭപവ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

24

## തീയതി : 25-05-2022

ഫയൽ നം. ഉപ.സി1/170/2018-ഉഭപവ. ഇനം നം: 746

വിഷയം : ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി ടി സ്ഥാപനത്തെ 1970-ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act-ൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

26/5/22
DS

197 746

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഉപ.സി1/170/2018 - ഉഭപവ |
| 2. | വകുപ്പ് | : | ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് |
| 3. | വിഷയം | : | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി ടി സ്ഥാപനത്തെ 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act-ൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിനു സമർപ്പിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ തീയതി | : | 29.04.2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ<br>(ii) എങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | : | ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | : | ഉണ്ട്, നിയമ വകുപ്പ്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ. സിജു ജേക്കബ് |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. ആഷ തോമസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.05.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18.05.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.05.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച കത്തിന്റെ / ഉത്തരവിന്റെ നമ്പരും തീയതിയും | : | |

# മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി ടി സ്ഥാപനത്തെ 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act-ൽ ഭേദഗതി വരുത്തി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2. 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act -ന്റെ (2)-ാം വകുപ്പ് 'a' ഖണ്ഡത്തിൽ ഭേദഗതി വരുത്തി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ ടി ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Amendment Bill, 2020-ന്റെ കരട് 25.02.2020 ലെ മന്ത്രിസഭായോഗം അംഗീകരിക്കുകയും ആയത് ബിൽ നമ്പർ 270 ആയി നിയമസഭയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. 14-ാം കേരള നിയമസഭ പിരിച്ചുവിട്ടു കൊണ്ട് ബഹു ഗവർണ്ണർ 03.05.2021-ന് വിജ്ഞാപനം പുറപ്പെടുവിച്ചതിനെത്തുടർന്ന് പ്രസ്തുത ബിൽ ലാപ്സാവുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ടി വിഷയത്തിൽ നിയമവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട് :

" 25.02.2020 ലെ ഇനം നം 3821 പ്രകാരമുള്ള മന്ത്രിസഭായോഗതീരുമാന പ്രകാരം അനുമതി വാങ്ങി ബിൽ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും 2021 മേയ് 3-ാം തീയതി 14-ാം കേരള നിയമസഭ കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന് പുതിയ സർക്കാർ 2021 മേയ് 20-ാം തീയതി അധികാരമേറ്റെടുത്തിട്ടുള്ളതും ഈ വിഷയത്തിൽ ഭരണവകുപ്പ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ആയതിനാലും ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്ത് നയപരമായ പുതിയ തീരുമാനവും ഭേദഗതി ബില്ലിന് പുതിയ മന്ത്രിസഭയുടെ അംഗീകാരവും ആവശ്യമാണ്.

The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Amendment Bill,2022 -ന്റെ കരട് കൊടി 'X ' -ൽ കാണാവുന്നതാണ്.

മേൽ പ്രസ്താവിച്ചതിനു വിധേയമായി, നയപരമായ പുതിയ തീരുമാനമെടുത്തതിനും കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങിയതിനും ശേഷം ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം എന്നിവ സഹിതം എത്രയും വേഗം ഫയൽ തുടർനടപടികൾക്കായി ഈ വകുപ്പിലേക്ക് മടക്കിനൽകാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. "

3. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തികമായി സുസ്ഥിരമായ ബോർഡായതിനാലും, സർക്കാരിന്റെ ധനസഹായം കൂടാതെ ദൈനംദിനകാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനാലും പ്രസ്തുത ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും അധിക ചെലവ് വരുന്നതല്ല. മേൽസാഹചര്യത്തിൽ കരട് ബിൽ പരിഗണിയ്ക്കുന്നതിന് ബഹു ഗവർണ്ണറുടെ ശിപാർശ ആവശ്യമായി വരുന്നില്ല.

4. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act- ൽ ഉൾപ്പെടുത്തുന്നതിനായി നിയമവകുപ്പ് ലഭ്യമാക്കിയിരിക്കുന്ന കരട് ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാണെന്നും ആയതിനാൽ അംഗീകരിക്കാവുന്നതാണെന്നും കാണുന്നു.

5. നിയമവകുപ്പ് ലഭ്യമാക്കിയിരിക്കുന്ന The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Amendment Bill, 2022 ന്റെ കരട് അംഗീകരിക്കുന്നതിനും, പ്രസ്തുത കരട് ഭേദഗതി ബിൽ പുറപ്പെടുവിക്കുന്നതിന് മന്ത്രിസഭയുടെ ഉത്തരവ് വാങ്ങുന്നതിനുമായി ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്.

23

## തീരുമാനിക്കേണ്ട സംഗതി

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് ടി സ്ഥാപനത്തെ 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act ൽ ഉൾപ്പെടുത്തുവാനായി ഈ കുറിപ്പിനോട് അനുബന്ധമായി വച്ചിട്ടുള്ള കരട് ഭേദഗതി ബിൽ അംഗീകരിക്കാവുന്നതാണോ?

205

# THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS CERTAIN CORPORATIONS AND COMPANIES) AMENDMENT BILL, 2022

*A*

*BILL*

*further to amend the Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act, 1970.*

*Preamble* .- WHEREAS, it is expedient further to amend the Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act, 1970 (19 of 1970) for the purposes hereinafter appearing;

BE it enacted in the Seventy-third Year of the Republic of India as follows:-

1. *Short title and commencement*.- (1) This Act may be called the Kerala Public Service Commission (Additional Functions as respects certain Corporations and Companies) Amendment Act, 2022.

(2) It shall come into force at once.

2. *Amendment of section 2*.- In section 2 of the Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act, 1970 (19 of 1970), in clause (a), the words, figures and brackets "or the Kerala Abkari Workers' Welfare Fund Board constituted under section 6 of the Kerala Abkari Workers' Welfare Fund Act, 1989 ( 19 of 1989)" shall be inserted at the end, before the symbol ";".

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുക എന്നത് സർക്കാരിന്റെ നയമാണ്. അതിന്റെ ഭാഗമായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act -ൽ ഭേദഗതി വരുത്തി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ ടി ആക്റ്റിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളോ വിജ്ഞാപനങ്ങളോ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുക എന്നത് സർക്കാരിന്റെ നയമാണ്. അതിന്റെ ഭാഗമായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി 1970 ലെ Kerala Public Service Commission (Additional Functions as respects certain Corporations and Companies) Act-ൽ ഭേദഗതി വരുത്തി പ്രസ്തുത സ്ഥാപനത്തെ കൂടി ടി ആക്റ്റിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബില്ല് നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.